കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനു മുമ്പ് നിയമിച്ച ഉദ്യോഗസ്ഥൻമാർ

* 613 [657] ശ്രീ. ബി.എം. ഷെറീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറി കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് മുമ്പ് വിവിധയിനങ്ങളിലായി എത്ര ഉദ്യോഗസ്ഥൻമാരെ ടൈറാനിയം കോംപ്ലക്സിന്റെ ആവശ്യത്തിനായി നിയമിച്ചു;

(ബി) അവർക്ക് ആകെ പ്രതിമാസം കൊടുക്കേണ്ട ശമ്പളത്തുക എത്രയെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) 15 ഉദ്യോഗസ്ഥൻമാരെ നിയമിച്ചു.

(ബി) 14,561 രൂപ.

New Saw Mills

* 614 [658] **Shri. Stephen Padua**: Will the Minister for Industries and Forests be pleased to state:

Whether the Government will issue necessary directions to the departmental Officers not to grant sanction to new saw mills proposed to be located in thickly populated arears and on the sides of Public roads?

Minister for Industries and Forests **(Shri. P. S. Sreenivasan)**:

Factory Licences are issued by the Directorate of Factories and Boilers only after location approval is given by the Town Planning Department. The Town Planning Department looks into various aspects before location approval is given.

നാടൻ കശുവണ്ടി കടത്തിക്കൊണ്ടു പോകുന്നതായി പരാതി

* 615 [659] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവുംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിലേക്ക് നാടൻ കശുവണ്ടി കടത്തിക്കൊണ്ട് പോകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിൽ എത്ര ടൺ പിടിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ?

വ്യവസായവും വനവുംവകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) 260 ടൺ കശുവണ്ടി പിടിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly